തിരുവനന്തപുരത്ത് ബയോടെക്നോളജി പാർക്ക് ആരംഭിക്കാൻ നടപടി

13 [1589] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഒരു ബയോടെക്നോളജി പാർക്ക് ആരംഭിക്കാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിരുന്നോ;

(ബി) ബയോടെക്നോളജി പാർക്ക് കൊണ്ടുള്ള പ്രയോജനങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ പാർക്കിനായി കേന്ദ്ര ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ശ്രീകാര്യത്തെ സി.ടി.സി.ആർ.ഐ., പെരിങ്ങമ്മലയിലെ അഗ്രിക്കൾച്ചർ ഫാം എന്നിവിടങ്ങളിൽ ബയോടെക്നോളജി പാർക്ക് ആരംഭിക്കാനുള്ള സാദ്ധ്യതകൾ ആരാഞ്ഞിട്ടുണ്ടോ;

(ഇ) ബയോടെക്നോളജി പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തും, കൊച്ചിയിലും ബയോടെക്നോളജി പാർക്ക് സ്ഥാപിക്കാൻ സംസ്ഥാന സർക്കാരിന് ഉദ്ദേശ്യമുണ്ട്. ഇതിനുവേണ്ടി കിൻഫ്ര ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കുകയും അത് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരത്തെയും കൊച്ചിയിലെയും ബയോടെക്നോളജി പാർക്കിൽ 16 കോടി രൂപ കേന്ദ്ര ധനസഹായമായി പ്രതീക്ഷിക്കുന്നു. എന്നാൽ നാളിതുവരെ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല.

(ബി) ജൈവ സാങ്കേതിക വ്യവസായ വികസന രംഗത്ത് ബയോടെക്നോളജി പാർക്കുകൾ വമ്പിച്ച ഉത്പ്രേരകശക്തിയായി നിലകൊള്ളുന്നു.

ജൈവ സാങ്കേതികവിദ്യയിൽ സംസ്ഥാനത്തിന്റെ വിഭവശേഷി, സംസ്ഥാനത്ത് ലഭ്യമായ ഉയർന്ന സാങ്കേതികവിദ്യ ഫലപ്രദമായ രീതിയിൽ വ്യവസായികൾക്ക് ലഭ്യമാക്കുക, ഈ രംഗത്ത് വിദേശത്ത് നിന്നും നിക്ഷേപവും സാങ്കേതികവിദ്യയും ലഭ്യമാക്കുക, ആഗോള നിക്ഷേപകരുമായി സ്വദേശീയരായ വ്യവസായികൾക്ക് ബന്ധപ്പെടുവാൻ അവസരമൊരുക്കുക, ഈ രംഗത്ത് ഗവേഷണങ്ങളും വികസനപ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തുക മുതലായവയാണ് ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിൽ നിന്നും ലഭിക്കുന്ന പ്രയോജനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനായി അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സുസജ്ജമാക്കുക എന്നതാണ് കിൻഫ്രയുടെ ലക്ഷ്യം. വികസിത ഭൂമി, സുസജ്ജമായ കെട്ടിട സമുച്ചയങ്ങൾ, ജലം, വൈദ്യുതി, റോഡ്, വാർത്താവിനിമയ സൗകര്യങ്ങൾ, അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രം, പരിശോധനാ കേന്ദ്രം മുതലായവ ഇത്തരം പാർക്കുകളിൽ ലഭ്യമായിരിക്കും. അതുവഴി ആഗോള നിലവാരമുള്ള വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കുവാനും കുറഞ്ഞ കാലയളവിൽ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുവാനും സാധിക്കും.

(സി) എ-പിരിവിന്റെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരത്തും, കൊച്ചിയിലും സ്ഥാപിക്കാനുദ്ദേശിക്കുന്ന ബയോടെക്നോളജി പാർക്കുകളിൽ സി.ടി.സി.ആർ.ഐ., ടി.ബി.ജി.ആർ.ഐ., രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീചിത്തിരതിരുന്നാൾ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി മുതലായ റിസർച്ച് സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തിന് ഊന്നൽ നൽകിയിട്ടുള്ള ഒരു പദ്ധതിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) ബയോടെക്നോളജി പാർക്കുകൾ യാഥാർത്ഥ്യമാക്കുന്നതിനായി കിൻഫ്രയുടെ മേൽനോട്ടത്തിൽ നടപടികൾ പുരോഗമിച്ചുവരികയാണ്. കൊച്ചിയിലെ ബയോടെക്നോളജി പാർക്കിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടെക്നോളജി ഇൻക്യൂബേഷൻ സെന്ററിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് ഇതിനായി രണ്ട് കമ്പനികൾ ഇതിനകം ബിഡ് ഡോക്കുമെന്റ് കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ഭേദനവീകരണ പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം

14 [1590] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭേദനവീകരണ പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര സംസ്ഥാന ജീവനക്കാർക്ക് പരിശീലനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഒരു വർഷം എത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നുണ്ട്;

(സി) കൂടുതൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സംസ്ഥാന സർവ്വീസിൽ ജോലി ലഭിക്കുന്നവർക്ക് ആദ്യമേതന്നെ പരിശീലനം നൽകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly